# ഏഴോം

ഭൂവിസ്തൃതിയിൽ ഏഴോം കേരളത്തിലെ ചെറിയ പഞ്ചായത്തുകളിലൊന്നാണെങ്കിലും ജനസാന്ദ്രതയിൽ ഏറെമുന്നിട്ടു നിൽക്കുന്ന പഞ്ചായത്താണ് ഏഴോം. ഏഴോം ഗ്രാമപഞ്ചായത്തിന്റെ സവിശേഷത ഇവിടുത്തെ ഭൂമിശാസ്ത്രപരമായ പ്രത്യേകതയാണ്. ഒരുഭാഗം പൂർണ്ണമായും തീരദേശമാണെങ്കിൽ മറ്റൊരുഭാഗം കുന്നിൻ പ്രദേശവും താഴ്വരയുമാണ്. കണ്ണൂർ ജില്ലയുടെ നെല്ലറ എന്നറിയപ്പെടുന്ന ഏഴോം ഗ്രാമ പഞ്ചായത്തിന്റെ വലിയ ഒരുഭാഗം കൈപ്പാട് പ്രദേശമാണ്. തീരദേശം കണ്ടൽകാടുകളാൽ സമൃദ്ധമാണ്. ഇവിടുത്തെ ജൈവവൈവിധ്യം ഇക്കോടൂറിസം മേഖലയിലെ അനന്ത സാധ്യത കണ്ടുകൊണ്ട് തന്നെ 'ഏഴിലം' എന്ന പേരിൽ പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിന്റെ അതിരുകൾ - ഒക്കെ് ചെറുതാഴം ഗ്രാമപഞ്ചായത്ത് കിഴക്ക് പരിയാരം ഗ്രാമ പഞ്ചായത്ത് തെക്ക്- പഴയങ്ങാടി -കുപ്പം പുഴ, പടിഞ്ഞാറ്- മാടായി ഗ്രാമപഞ്ചായത്ത് ആണ്.

1998 ൽ അതുവരെ പ്രവർത്തിച്ചു വരുന്ന 98 സ്വയം സഹായ സംഘങ്ങളെ ഏകോപിച്ച് അന്നത്തെ എം എൽ എ ആയിരുന്ന പി കെ ശ്രീമതി ടീച്ചർ ഉദ്ഘാടനം ചെയ്തുകൊണ്ടാണ് പഞ്ചായത്തിൽ കുടുംബശ്രീ സംവിധാനം നിലവിൽ വന്നത്. 08/01/2003 ലാണ് സി ഡി എസ് രജിസ്റ്റർ ചെയ്തു പ്രവർത്തനം തുടർന്നത്. 14 വാർഡുകളിലായി സി ഡി എസിന് കീഴിൽ 180 അയൽകൂട്ടങ്ങളും സ്പെഷൽ അയൽകൂട്ടങ്ങളായി 12 എണ്ണവും പ്രവർത്തിച്ചു വരുന്നു. കൂടാതെ 78 കാർഷിക ഗ്രൂപ്പും 17 സംരംഭ ഗ്രൂപ്പുകളും 12 ബാലസഭയും പ്രവർത്തിക്കുന്നു. കൂടാതെ ജില്ലയിൽ സ്മാർട്ട് അഗ്രി വില്ലേജായി തെരഞ്ഞെടുത്തത് ഏഴോം പഞ്ചായത്തിലെ കണ്ണോം,കോട്ടക്കീൽ വാർഡുകളെയാണ്.

2018-19 വർഷത്തിൽ കേരളത്തിലുണ്ടായ പ്രളയക്കെടുതികൾ നേരിടുന്നതിൽ ഏഴോം സി ഡി എസ് നല്ലൊരു പങ്ക് വഹിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭാരവാഹികൾക്കൊപ്പം മുന്നിട്ട് നിന്ന് പ്രവർത്തിച്ചത് കുടുംബശ്രീ പ്രവർത്തകരാണ്. കുടുംബശ്രീ സി ഡി എസിൽ മൂന്നാമത്തെ വർഷം ചെയർപേഴ്സണായി പ്രവർത്തിക്കുന്ന ശ്രീമതി ലളിത സി പി യുടെ പൂർണ്ണ പിന്തുണയോടെ സി ഡി എസ് ഭരണ സമിതി അംഗങ്ങളും നേതൃത്വം വഹിച്ചുകൊണ്ട് സി ഡി എസ് മെമ്പർ സെക്രട്ടറി അനിൽ കുമാറും സി ഡി എസ് പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിക്കുന്നു. ലോകം മുഴുവൻ ഇന്ന് അഭിമുഖീകരിക്കുന്ന ' കോവിഡ് 19'എന്ന വിപത്തിനെ നേരിടാൻ സർക്കാരിന്റെ പ്രവർത്തനങ്ങളെ ഏകോപിച്ചുകൊണ്ടു പോകുന്നതിൽ പഞ്ചായത്തിനൊപ്പം തോളോട് തോൾ ചേർന്നു കുടുംബശ്രീയും പ്രവർത്തിക്കുന്നു. ഈ ക്ഷേമ പ്രവർത്തനങ്ങളിൽ എടുത്തു പറയേണ്ടവ താഴെ ചേർക്കുന്നു..

## 1. മുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതി

ലോകം മുഴുവൻ ദുരന്തം വിതച്ചുകൊണ്ട് കോവിഡ് 19 പടർന്നു പിടിക്കുന്ന ഈ കാലഘട്ടത്തിൽ അതിന്റെ വ്യാപനം തടയുന്നതിന് വേണ്ടി ഏർപ്പെടുത്തിയ ലോക്ക് ഡൗണിനെ തുടരന്ന് ദുരിതമനുഭവിക്കുന്ന ജനങ്ങളെ സഹായിക്കുന്ന തിന് വേണ്ടി കേരള സർക്കാർ ബാങ്കുകൾ വഴി കുടുംബശ്രീ അംഗങ്ങൾക്ക് വേണ്ടി തീരുമാനിച്ച വായ്പാ പദ്ധതിയാണ്. ഏഴോം സി ഡി എസിലെ 1026 അയൽക്കൂട്ടങ്ങളിയെ 1252 അംഗങ്ങൾക്കായി ഒരു 10045000 ( ഒരു കോടി നാൽപ്ത്തിയഞ്ചായിരം കോടി രൂപ) ആണ്. ഈപദ്ധതിക്കായി അനുവദിച്ചിട്ടുള്ള ത്. ഏഴോം ,മാടായി സർവ്വീസ് സഹകരണ ബാങ്ക് സഹകരണത്തോട് കൂടി യാണ് വായ്പ പദ്ധതി നടപ്പിലാക്കിയത്.



## 2. കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം

ഏഴോം ഗ്രാമപഞ്ചായത്ത് 8ാം വാർഡ് നെരുവമ്പ്രം യു പി സ്കൂളിലാണ് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തിച്ച് വരുന്നത്. സർക്കാർ നിർദ്ദേക പ്രകാരം മാർച്ച് 27 നാണ് കമ്മ്യൂണിറ്റി കിച്ചൺ പ്രവർത്തനം ആരംഭിച്ചത് ശരാശരി ഒരു ദിവസം ഉച്ചഭക്ഷണം ,അത്താഴം എന്നിവയിലായി 200 ഭക്ഷണ പൊതികൾ വിതരണം ചെയ്തത്.2020 മെയ് 17 ന് കമ്മ്യൂണിറ്റി കിച്ചൺ അവസാനിച്ചെങ്കിലും ഇന്നും ക്വാറന്റീനിൽ കഴിയുന്ന 10 വ്യക്തികൾക്ക് മൂന്ന് നേരവും സ്ഥിരമായി ഭക്ഷണം നൽകുന്നു. പഞ്ചായത്ത് സി ഡി എസിനു കീഴിൽ വരുന്നകൃഷി ഗ്രൂപ്പുകാർ പച്ച ക്കറികൾ ലോക്ഡൗൺ കാരണം ബുദ്ധിമുട്ടുന്ന ജനങ്ങൾക്ക് സൗജന്യമായി നൽകി.

 

3. <u>തുണി സഞ്ചി നിർമ്മാണം</u>

സംസ്ഥാന സർക്കാർ പൊതുജനങ്ങക്കായി നൽകിയ ഭക്ഷ്യധാന്യ കിറ്റ് വിതരണത്തിൽ കുടുംബശ്രീയുടെ പങ്ക് വളരെ വലുതാണ്. കുടുംബശ്രീ ജില്ലാമിഷന്റെ നിർദ്ദേക പ്രകാരം സപ്ലൈകോയുടെ ഭക്ഷ്യധാന്യ കിറ്റ് വിതരണത്തിനാവശ്യമായ തുണിസഞ്ചി നിർമ്മിച്ച് നൽകുവാൻ സാധിച്ചു. സി ഡി എസിന് കീഴിൽ പ്രവർത്തിച്ചു വരുന്ന അപ്പാരൽ യൂണിറ്റ് 3600 തുണി സഞ്ചികൾ നിർമ്മിച്ച് സപ്ലൈകോയുടെ കണ്ണൂർ ഡിപ്പോയിൽ എത്തിച്ചു. കൂടാതെ കിറ്റ് തയ്യാറാക്കുന്നതിനും സപ്ലൈകോയുമായി ചേർന്ന് പ്രവർത്തിച്ചു.

4. <u>മാസ്ക്ക് നിർമ്മാണം</u>

പഞ്ചായത്തിന്റെയും സി ഡി എസിന്റെയും നേതൃത്വത്തിൽ 675 മാസ്ക്കുകൾ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തു.കൂടാതെ എല്ലാം അയൽക്കൂട്ടങ്ങളും മാസ്ക്ക് നിർമ്മിച്ച് വിതരണം നടത്തി.ഏഴോം അപ്പാരൽ പാർക്ക് 10000 മാസ്ക്കുകൾ പഞ്ചായത്തിൽ വിതരണം ചെയ്യാൻ തയ്യാറാക്കിയിട്ടുണ്ട്.

 

## 5. ഹോംശ്രീ ഡെലിവറി

ലോക്ക് ഡൗൺ കാലയളവിൽ പൊതുജനങ്ങൾക്കാവശ്യമായ റേഷൻ കിറ്റ്, സപ്ലൈകോ—കിറ്റ്, അനാദി സാധനങ്ങൾ ,മരുന്ന് മറ്റ് അവശ്യ വസ്തുക്കളെല്ലാം തന്നെ വീടുകളിൽ എത്തിക്കാൻ കുടുംബശ്രീ സംവിധാനത്തിന് കഴിഞ്ഞു.

## 6. അഗതി കുടുംബങ്ങൾക്കുള്ള സഹായങ്ങൾ

ഏഴോം പഞ്ചായത്തിൽ ആകെ 89 അഗതി കുടുംബങ്ങളാണ് ഉള്ളത് .ലോക് ഡൗൺ കാലത്തും ഭക്ഷ്യധാന്യ കിറ്റ് എത്തിച്ചു നൽകി .60 വയസസിന് മുകളിലുള്ള അഗതി കുടുംബങ്ങളുടെ വിവരശേഖരണം നടത്തി അവർക്കാവശ്യമായ മാർഗ നിർദേശങ്ങൾ നൽകി.

## 7. ബാല സഭാ പ്രവർത്തനങ്ങൾ

കണ്ണൂർ കുടുംബശ്രീ ജില്ലാമിഷൻ ബാല സഭാകുട്ടികൾക്കായി സംഘടിപ്പിച്ച മത്സരങ്ങളിൽ സി ഡി എസിൽ നിന്നും കുട്ടികൾ പങ്കെടുത്ത ലോക്ഡൗൺ സമയത്ത് കുട്ടികൾക്ക് നല്ലൊരു അനുഭവമായി .കൂടാതെ കുടുംബശ്രീ അംഗങ്ങൾക്കായി സംഘടിപ്പിച്ച 'കനൽ ചവിട്ടി കൊറോണയും കടന്ന്' എന്ന പരിപാടിയിലും പങ്കെടുത്തു. കൂടാതെ' ഓർമ്മമരം പൂക്കുമ്പോൾ' എന്ന വയോജനങ്ങൾക്കായുള്ള പരിപാടിയിലും പങ്കെടുത്തു.

## 8. മൈക്രോഗ്രീൻ പദ്ധതി

ലോകഡൗൺ സമയത്ത് ജില്ലാമിഷൻ നേതൃത്വത്തിൽ കാർഷിക മേഖലയിൽ നടപ്പിലാക്കിയ ഏറ്റവും മികച്ച ക്യാമ്പയിനായിരുന്നു മൈക്രോ ഗ്രീൻ പദ്ധതി . ഈ പ്രോഗ്രാമിലും ഏഴോം സി ഡീ എസ് അയൽകൂട്ട അംഗങ്ങൾ അവേശത്തോടെ പങ്കെടുത്തു.



കൂടാതെ പഞ്ചായത്തിനൊപ്പം ചേർന്ന് ഇടവിള കൃഷി വിത്തിനങ്ങളായ ചേന,ചേമ്പ്, മഞ്ഞൾ ഇഞ്ചി വിത്തുകൾ വീടുകളിൽ കുടുംബശ്രീ പ്രവർത്തകർ എത്തിച്ച് നൽകി. ലോക് ഡൗൺ കാലം ജനങ്ങളെ കാർഷിക വൃത്തിയിൽ ഏർപ്പെടുത്താൻസാധിച്ചു.

കൊറോണ കാലഘട്ടത്തിൽ ഏഴോം പഞ്ചായത്തും കുടുംബശ്രീ സി ഡി എസും ചേർന്നു സമൂഹത്തിന് വേണ്ടി ചെയ്ത പ്രവർത്തനങ്ങളാണിവ. വരും ദിവസങ്ങളിൽ സമൂഹ നന്മക്കായി പ്രവർത്തിച്ചു വരുമെന്ന് പഞ്ചായത്ത് സി ഡി എസ് അധികൃതർ ഒറ്റ വാക്കിൽ പറയുന്നു.


9526615162

C. D. S. CHAIRPERSON
KUDUMBASREE C D S
EZHOME GRAMA PANCHAYAT
EZHOME-670 334

Swapna P.V
MKSP BC Kalliassery
9446352723